പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **5083** — 30.06.2014 ൽ മറുപടിയ്ക്ക്

**പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ119/2012-ന്റെ എഫ്.ഐ.ആർ. ഹൈക്കോടതി റദ്ദ് ചെയ്തത് സംബന്ധിച്ച്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിലെ മംഗലപുരം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 119/2012-ന്റെ എഫ്.ഐ.ആർ. ഹൈക്കോടതി റദ്ദ് ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | മംഗലപുരം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 119/2012-ന്റെ എഫ്.ഐ.ആറിൽ പരാമർശിക്കുന്ന ITP Act Sec. 5 & 7 പ്രകാരമുള്ള കുറ്റം പ്രസ്തുത കേസിൽ നിലനിൽക്കില്ലായെന്നും ഇതിൽ IPC 294 പ്രകാരമുള്ള വകുപ്പ് ചേർത്താണ് കേസ് എടുക്കേണ്ടിയിരുന്നത് എന്നതിനാൽ എഫ്.ഐ.ആർ. നിലനിൽക്കില്ലായെന്നും കണ്ട് ബഹു. ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പൊതുപ്രവർത്തകനെ അപമാനിക്കാൻ ബോധപൂർവ്വം കേസെടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത വിഷയത്തിൽ സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി, ബോധപൂർവ്വം കള്ളക്കേസെടുത്ത സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

....2

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

(ഡി) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ഉത്തരവിനെതിരെ കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥർ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No. 6805/14 പ്രകാരം കേസ് ഫയൽ ചെയ്യുകയും പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് ബഹു. ഹൈക്കോടതി താൽക്കാലികമായി തടഞ്ഞിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ